ACTION TODAY

President
Kerela State Sports Council
23-2-2021

E. 1076 23/2/21

കേരള സർക്കാർ

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി, 23.02.2021

നം.എസ്.ഡി.1/100/2018-പൊ.ഭ.വ.

പ്രേഷകൻ
പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്
സെക്രട്ടറി
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
തിരുവനന്തപുരം

സർ,

വിഷയം : പൊ.ഭ.വ - സ്പോർട്സ് ക്വാട്ടാ നിയമനം 2015 - 19- അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 18.02.2021 ലെ എസ്.ഡി.1/100/2018/പൊ.ഭ.വ. നമ്പർ വിജ്ഞാപനം.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള വെബ്സൈറ്റിൽ 01.01.2020 തീയതിയിലാണ് വയസ്സ് കണക്കാക്കുന്നതായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സൂചനയിലെ വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം അപേക്ഷകരുടെ വയസ്സ് കണക്കാക്കുന്നത് താഴെപറയും പ്രകാരമാണ്.

**"3. വയസ്സ്: ഓരോ വർഷത്തെയും ഒഴിവുകളിലേക്ക് അപേക്ഷിക്കുന്നവർ പിൻതുടർന്നുവരുന്ന വർഷത്തെ ജനുവരി മാസം ഒന്നാം തീയതി 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 36 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരും ആയിരിക്കണം (ഉദാ:- 2015 വർഷത്തെ ഒഴിവിലേയ്ക്ക് നിയമനത്തിനായി അപേക്ഷിക്കുന്നവർക്ക് 2016 ജനുവരി 1 ന് 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 36 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരും ആയിരിക്കണം). എന്നാൽ 1958-ലെ K.S.&S.S.R. - ലെ പൊതുചട്ടങ്ങൾ 10(സി)-യിൽ പറയുന്ന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർ, മറ്റ് പിന്നാക്ക വിഭാഗക്കാർ എന്നിവർക്ക് ഉയർന്ന പ്രായപരിധിക്ക് അർഹമായ വയസ്സിളവ് ലഭിക്കും".**

ആയതിനാൽ അപേക്ഷകരുടെ വയസ്സ് കണക്കാക്കുന്നത് സംബന്ധിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**മനോജ് കുമാർ.പി.സി**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Presi...
...ala State Sports Council
23-2-2021

# കേരള സർക്കാർ
## പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ്

എസ്.ഡി 1/100/2018/പൊഭവ

തിരുവനന്തപുരം.
തീയതി, 22.02.2021

**പ്രിൻസിപ്പൽ സെക്രട്ടറി**

**സെക്രട്ടറി,**
**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ,**
**തിരുവനന്തപുരം.**

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - സ്പോർട്സ് ക്വാട്ടാ നിയമനം 2015 -2019 - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന :- 18/02/2021 ലെ എസ്.ഡി1/100/2018-പൊഭവ നമ്പർ വിജ്ഞാപനം.

സൂചന വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു. പ്രസ്തുത വിജ്ഞാപനം എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും ലഭ്യമാക്കുവാനും, പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കുവാനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വെബ് സൈറ്റിലൂടെയും മറ്റും വ്യാപകമായ പബ്ലിസിറ്റി നൽകുവാനും താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
**മനോജ് കുമാർ പി സി**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ